ഉത്തരം

(എ) എൻ.എച്ച് 212-ൽ കുന്ദമംഗലം ടൗണിന്റെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന്റെ ഭാഗമായി ടൗൺ പരിഷ്കരിക്കുന്നതിനായി 108 ലക്ഷം രൂപയുടെ ഭരണാനുമതി എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽനിന്ന് നൽകി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ വികസന പ്രവൃത്തിക്കുവേണ്ടി കുന്ദമംഗലം ജംഗ്ഷനിൽ 2 സെന്റ് ഭൂമി ഏറ്റെടുക്കാൻ അനുമതി നൽകിയിട്ടുണ്ട്. കുന്ദമംഗലം ടൗണിൽ കൂടി കടന്നുപോകുന്ന എൻ.എച്ച്. 212 MORTH ഫണ്ട് ഉപയോഗിച്ച് ഉപരിതലം പുതുക്കുന്ന പ്രവൃത്തി ചെയ്ത് റോഡ് ഗതാഗതം സുഗമമാക്കിയിട്ടുണ്ട്.

(ബി) പെരിങ്ങളം മുതൽ വരട്ട്യാക്ക് വരെ നിലവിലുള്ള റോഡ് വീതി കൂട്ടി വികസിപ്പിക്കുന്നതിനുള്ള 188 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

## മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികൾ

**155 (2651)** ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുമരാമത്ത് വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) 2015-16 വർഷക്കാലം പൊതുമരാമത്ത് വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ കീഴിൽ മാവേലിക്കര നിയോജക മണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന തിരുവല്ല-മാവേലിക്കര റോഡ് അഞ്ച് വർഷത്തെ ദീർഘപരിപാല വ്യവസ്ഥയോടെ ബി.സി ഓവർലേ ചെയ്ത് പൂർത്തിയാക്കിയിട്ടുണ്ട്. ഈ റോഡിന്റെ മാവേലിക്കര മുതൽ മാന്നാർ വരെയാണ് ഈ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്നത്. ഇതിന് 3.60 കോടി രൂപയാണ് ചെലവായത്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൻകീഴിലും കെട്ടിടവിഭാഗത്തിൻ കീഴിലും നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1-ഉം 2-ഉം ആയി ചേർത്തിരിക്കുന്നു.*

(ബി) 2015-16 വർഷക്കാലം പൊതുമരാമത്ത് വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം -3 ഉം 4-ഉം ആയി ചേർത്തിരിക്കുന്നു.*

## കോട്ടപ്പടി-പൊന്നാനി സ്റ്റേറ്റ് ഹൈവേ

**156 (2652)** ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടപ്പടി-പൊന്നാനി സ്റ്റേറ്റ് ഹൈവേയുടെ വീതി കൂട്ടി റബ്ബറൈസ് ടാറിംഗ് ചെയ്യുന്ന പ്രവൃത്തി കോട്ടപടിമുതൽ മലപ്പുറം ജില്ലയുടെ അതിർത്തിയായ വന്നേരിവരെ നടത്തുകയും തുടർന്ന് മലപ്പുറം ജില്ലയിലെ 11 കി.മീ ഭാഗം വീതി കൂട്ടാതെയും ഉപരിതലം റബ്ബറൈസ് ടാറിംഗ് ചെയ്യാതിരിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഭാഗത്തെ പ്രവൃത്തി പൂർത്തിയാക്കാൻ ഫണ്ട് വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

## ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതേയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.